"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വിവര-പൊതുജനസമ്പർക്ക വകുപ്പ് - മുഖ്യമന്ത്രി എന്നോടൊപ്പം സിറ്റിസൺ കണക്ട് സെന്ററിലെ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയോഗിച്ച ഉദ്യോഗസ്ഥരുടെ എസ്റ്റാബ്ലിഷ്മെന്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് അധിക ചുമതല നൽകി ഉത്തരവാകുന്നു .

---

വിവര-പൊതുജനസമ്പർക്ക (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.160/2025/I&PRD തീയതി,തിരുവനന്തപുരം, 16-10-2025

---

പരാമർശം:-

1. 29.08.2025 ലെ സ.ഉ.(കൈ) നം 7/2025/ഐ&പി.ആർ.ഡി.
2. 18.09.2025 ലെ സ.ഉ.(കൈ) നം 8/2025/ഐ&പി.ആർ.ഡി.
3. 24.09.2025- ലെ സ.ഉ.(കൈ) നം.9/2025/ഐ&പി.ആർ.ഡി.
4. 04.10.2025 -ലെ ജയൻ റ്റി., കെ.എ.എസ് സമർപ്പിച്ച കുറിപ്പ്
5. 04.10.2025-ലെ ഇ1/75/2025-ഐ&പി.ആർ.ഡി(പാർട്ട് 1) നടപടിക്രമം
6. 08.10.2025 -ലെ ഡെപ്യൂട്ടി ഡയറക്ടർ(ഫീൽഡ് പബ്ലിസിറ്റി & കൾച്ചർ) സമർപ്പിച്ച കുറിപ്പ്
7. 09.10.2025-ലെ സ.ഉ.(കൈ) നം.12/2025/ഐ&പി.ആർ.ഡി.
8. 14.10.2025-ലെ ഡെപ്യൂട്ടി ഡയറക്ടർ(ഫീൽഡ് പബ്ലിസിറ്റി & കൾച്ചർ) സമർപ്പിച്ച കുറിപ്പ്

## ഉത്തരവ്

സംസ്ഥാന സർക്കാരും പൊതുജനങ്ങളും തമ്മിലുള്ള ആശയ വിനിമയം പരിപോഷിപ്പിക്കുക, ജനങ്ങളുടെ അഭിപ്രായങ്ങൾ ഉൾക്കൊള്ളുക, ജനങ്ങളുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണുക, സർക്കാരിന്റെ പരിപാടികളും പദ്ധതികളും ജനങ്ങളിലെത്തിക്കുക തുടങ്ങിയ കാര്യങ്ങൾക്കായി ഒരു സംവിധാനം ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനു തത്വത്തിൽ അംഗീകാരം നൽകി പരാമർശം (1), (2) പ്രകാരം ഉത്തരവായിരുന്നു. സിറ്റിസൺ കണക്ട് സെന്ററിന്റെ സുഗമമായ നടത്തിപ്പിനും ഫലപ്രദമായ പ്രവർത്തനത്തിനും വേണ്ടി വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (കെ.എ.എസ്) ഓഫീസർമാർ ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാരെ ആവശ്യാനുസരണം നിയമിച്ച് പരാമർശം (3), (7) പ്രകാരം ഉത്തരവായിരുന്നു.

2. "മുഖ്യമന്ത്രി എന്നോടൊപ്പം" സിറ്റിസൺ കണക്ട് സെന്ററിലേക്ക് ജോലിക്രമീകരണ വ്യവസ്ഥയിൽ നിയോഗിച്ച ഉദ്യോഗസ്ഥരുടെ ലീവ് ഉൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങൾ, വിവിധ വകുപ്പുകളിലേക്കും സ്ഥാപനങ്ങളിലേക്കുമുള്ള കത്തിടപാടുകൾ നടത്തുക, റിപ്പോർട്ടുകൾ തയാറാക്കാനും ജീവനക്കാർക്ക് ആവശ്യമായ പരിശീലനങ്ങൾ ഒരുക്കാനും സഹായിക്കൽ എന്നിവയടക്കം ഭരണപരവും സാമ്പത്തികപരവുമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഉദ്യോഗസ്ഥരെ നിയോഗിക്കണമെന്ന് പരാമർശം (4) (6) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (8) പ്രകാരം "മുഖ്യമന്ത്രി എന്നോടൊപ്പം" സിറ്റിസൺ കണക്ട് സെന്ററിലേക്ക് ജോലിക്രമീകരണ വ്യവസ്ഥയിൽ നിയോഗിച്ച ഉദ്യോഗസ്ഥരുടെ ലീവ് ഉൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങൾ, വിവിധ വകുപ്പുകളിലേക്കും സ്ഥാപനങ്ങളിലേക്കുമുള്ള കത്തിടപാടുകൾ നടത്തുക, റിപ്പോർട്ടുകൾ തയാറാക്കാനും ജീവനക്കാർക്ക് ആവശ്യമായ പരിശീലനങ്ങൾ ഒരുക്കാനും സഹായിക്കൽ എന്നിവയടക്കം ഭരണപരവും സാമ്പത്തികപരവുമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പരാമർശം (3),(7) പ്രകാരം സെക്രട്ടേറിയറ്റിൽ നിന്നും നിയോഗിച്ച ശ്രീ ബിനുകുമാർ എൻ.എസ്. (425430), സെക്ഷൻ ഓഫീസർ, പൊതുഭരണ (സ്പെഷൽ ഇ) വകുപ്പ്)നും ശ്രീ വിജയശങ്കർ (766942), അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്)നും അധിക ചുമതല നൽകി ഉത്തരവാകുന്നു. ടി ഉദ്യോഗസ്ഥർ പരാമർശം (5) പ്രകാരം നിയോഗിച്ച ഓഫീസർ ഓൺ സ്പെഷൽ ഡ്യൂട്ടിയുടെ നിർദ്ദേശപ്രകാരം ചുമതലകൾ നിർവഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്യാം വി

ജോയിന്റ് സെക്രട്ടറി

ഓഫീസർ ഓൺ സ്പെഷൽ ഡ്യൂട്ടി, സി.എം. വിത്ത് മീ സിറ്റിസൺ കണക്ട് സെന്റർ &ഡെപ്യൂട്ടി ഡയറക്ടർ(ഫീൽഡ് പബ്ലിസിറ്റി & കൾച്ചർ)

സെന്റർ ഇൻ ചാർജ്, സി.എം. വിത്ത് മീ സിറ്റിസൺ കണക്ട് സെന്റർ

പൊതുഭരണ (എസ് സി) വകുപ്പ്

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

വെബ് & ന്യൂ മീഡിയ

ഉത്തരവിൻ പ്രകാരം

Signed by
Kavitha. G R
Date: 17-10-2025 10:21:35

സെക്ഷൻ ഓഫീസർ

കർപ്പ്-ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വിവര-പൊതുജനസമ്പർക്ക വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്

വിവര-പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടറുടെ സി.എയ്ക്ക്

ജോയിന്റ് സെക്രട്ടറി, വിവര-പൊതുജനസമ്പർക്ക വകുപ്പ്